"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് അലോപ്പതി മരുന്നുകൾ ലഭിക്കാൻ കാലതാമസം നേരിട്ടാൽ മരുന്ന് വാങ്ങാൻ അനുമതിയുള്ള സ്ഥാപനങ്ങളുടെ പട്ടികയിൽ നീതി സ്റ്റോറിനെ ഉൾപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2243/2022/LSGD തീയതി,തിരുവനന്തപുരം, 15-09-2022

---

പരാമർശം:- 1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2022-ന് നടന്ന യോഗത്തിന്റെ തീരുമാനം 3.9

**<u>ഉത്തരവ്</u>**

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗരേഖ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് മാത്രമേ വാങ്ങാവൂ എന്ന് ആയതിൽ നിഷ്കർഷിക്കുന്നുണ്ട്. കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് മരുന്ന് ലഭിക്കാൻ കാലതാമസം നേരിട്ടാൽ കൊല്ലം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോയിൽ നിന്ന് വാങ്ങാവുന്നതാണെന്നും ഇവിടെ നിന്നും കാലതാമസം വന്നാൽ പാലിയേറ്റീവ് പ്രവർത്തനത്തിനടക്കമുള്ള അത്യാവശ്യ മരുന്നുകൾ കാരുണ്യ, മാവേലിസ്റ്റോർ, സപ്ലൈകോ, ജൻഔഷധി തുടങ്ങിയ സ്ഥാപനങ്ങളുടെ ഔട്ട് ലെറ്റുകളിൽ നിന്നും വാങ്ങാവുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങളോടൊപ്പം സഹകരണ സ്ഥാപനത്തിനു കീഴിലുള്ള (സഹകരണവകുപ്പിനു കീഴിലുള്ള) നീതി സ്റ്റോറിനെ കൂടി ഉൾപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും

6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, ആരോഗ്യ വകുപ്പ്
11. മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർഫെഡ്, എറണാകുളം
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sureshkumar K
Date: 15-09-2022 15:14:34

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്